**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2698** **28-02-2023 - ൽ മറുപടിയ്ക്ക്**

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങൾക്കുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം മാതൃകാപരമാക്കുന്നതിനും മികച്ച മാനേജ്മെന്റിലൂടെ ഉന്നത പഠന നിലവാരം ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി എം.ആർ.എസ്സുകളിലെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അടിയന്തിരമായി പരിഹരിക്കുകയും ചെയ്തുവരുന്നുണ്ട്. വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽ നോട്ടം വഹിക്കുന്നതിന് റസിഡന്റ് ട്യൂട്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിന് പ്രത്യേകം അധ്യാപകരെ ചുമതലപ്പെടുത്തുന്നു. കൂടാതെ വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവയും നൽകിവരുന്നു. |
| (ബി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | എം.ആർ.എസ്സുളിലെ വിദ്യാർത്ഥികളുടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സയൻസ് ക്ലബ്ബ് , മാത്സ് ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, ലഹരിവിരുദ്ധ ക്ലബ്ബ് മുതലയായവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. 5,6,7 ക്ലാസ്സുകളിലെ കുട്ടികൾക്ക് K-Disc മുഖേന ഗണിത പഠനത്തിനുള്ള 'മഞ്ചാടി' ക്ലാസ്സുകളും നടത്തിവരുന്നു. ശാസ്ത്ര കായിക മേളകളിലും കലോത്സവങ്ങളിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. കൂടാതെ യോഗ ക്ലാസ്സുകൾ, ഫിസിക്കൽ ട്രെയിനിംഗ്, മ്യൂസിക് ക്ലാസ്സുകൾ എന്നിവയും വിദ്യാർത്ഥികൾക്കായി നടത്തുന്നുണ്ട്. |
| (സി) | പ്രസ്തുത സ്കൂളുകളിലെ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള മെസ് അലവൻസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. 26/02/2022 തീയതിയിലെ സ.ഉ. (സാധാ)നം. 689/2022/പജപവവിവ പ്രകാരം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പ്രീ മെട്രിക് വിദ്യാർത്ഥികൾക്ക് പ്രതിമാസം 3,125/- (പഴയ |

| | | | |
|---|---|---|---|
| | | | നിരക്ക് 2500/-) രൂപയായും പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് പ്രതിമാസം 3,575/- (പഴയ നിരക്ക് 2850/- രൂപ) രൂപയായും മെസ് അലവൻസ് വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ശ്രീ അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലെ വിദ്യാർത്ഥികളുടെ പ്രതിദിന അലവൻസ് 250/- (പഴയ നിരക്ക് 200/-രൂപ ) രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ? | (ഡി) | എം.ആർ.എസ്സുകളിൽ സ്മാർട്ട് ക്ലാസ്സ്റൂമുകൾ, ലൈബ്രറി, ഇന്റർനെറ്റ് സൗകര്യമുള്ള ഐ.ടി. ലാബ്, സയൻസ് ലാബ്, ഭൂമിശാസ്ത്ര ലാബ്, ലാംഗ്വേജ് ലാബ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. 5,6,7 ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഗണിത പഠനത്തിനായി മഞ്ചാടി ക്ലാസ്സുകൾ നടത്തുന്നുണ്ട്. വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിന് റസിഡന്റ് ട്യൂട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. സ്കൂൾ സമയത്തിന് ശേഷം വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ക്ലാസ്സുകൾ നടത്തുന്നു. ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. മോട്ടിവേഷൻ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവയും നൽകുന്നു. |

സെക്ഷൻ ഓഫീസർ